**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

**അപ്പീൽ പരാതി നമ്പർ : P/074/2022**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഡിസംബർ 15, 2022**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. മുഹമ്മദ്കുട്ടി,<br>പന്തക്കൽ ഹൗസ്.<br>ഇന്ത്യന്നൂർ പി.ഒ.<br>കോട്ടക്കൽ, മലപ്പുറം |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, കോട്ടക്കൽ,<br>മലപ്പുറം ജില്ല. |

# ഉത്തരവ്

## പരാതിയുടെ ചുരുക്കം

പരാതിക്കാരനായ ശ്രീ. മുഹമ്മദുകുട്ടി, മലപ്പുറം ജില്ലയിലെ കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷൻെറ പരിധിയിലുള്ള ഉപഭോക്താവാണ്. അയൽവാസിയായ ശ്രീ. അബ്ദുൽറഷീദ് എന്ന വ്യക്തിക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി സർവീസ് വയർ പരാതിക്കാരൻെറ സമ്മതമില്ലാതെ അദ്ദേഹത്തിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടി വലിച്ചു എന്നതാണ് പരാതിയ്ക്കാധാരം. പരാതിക്കാരൻ CGRF(NR) ന് പരാതി നൽകുകയും, അവരുടെ വിധി പരാതി നിലനിൽക്കാത്തതിനാൽ നിരസിക്കുന്നു എന്നതുമാണ്. ഈ അതോറിറ്റിയിൽനിന്നും വേണ്ട നടപടി എടുത്തു തരുവാൻ അപേക്ഷിച്ചിരിക്കുന്നു.

## പരാതിക്കാരൻെറ വാദം

കോട്ടക്കൽ KSEB ഇന്ത്യന്നൂർപള്ളിപ്പുറത്ത് സമ്മതം ഇല്ലാതെ പോസ്റ്റ് 11/19-ൽ നിന്ന് സർവീസ് വയർ വലിച്ചു എന്നതാണ് പരാതി. യാക്കൂബിൻെറ സമ്മതപത്രമോ

രേഖയോ ഇല്ല. വാക്കാൽ മാത്രമാണ് ഉള്ളത്. മേൽപറഞ്ഞ യാക്കൂബിനെക്കണ്ടപ്പോൾ സമ്മതം നൽകിയിട്ടില്ലായെന്നും KSEB കളവു പറയുകയുമാണെന്നുമാണ് അറിയിച്ചത്. ഈ ഭൂമി ഭാഗപത്ര ഭൂമിയും ഇഷ്ടദാന ഭൂമിയുമാണ്. 8-2-2022-ൽ ഇത് സർവ്വേ ചെയ്യുന്നതിനുവേണ്ടി തിരൂർ താലൂക്ക് തഹിസൽദാർ ഓഫീസിൽ ഫീസ് അടച്ചിട്ടുണ്ട്.

## എതിർകക്ഷിയുടെ വിശദീകരണം

എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, പരാതിക്കാരൻ CGRF-ന് പരാതി നൽകുകയുണ്ടായി. 1P11/19 എന്ന പോസ്റ്റിൽ നിന്നും സർവീസ് ലൈൻ വലിച്ചതിനെക്കുറിച്ചാണ് പരാതി നൽകിയിരിക്കുന്നത്. ഈ പോസ്റ്റ് ഒരു ത്രികോണാകൃതിയിലുള്ള ചെറിയ വസ്തുവിൽ സ്ഥിതി ചെയ്യുന്നു. ഇത് ഇന്ത്യന്നൂർ-പള്ളിപ്പടി റോഡിൻെറ വടക്കുള്ളകിഴക്കേ ദിശയിലാണ്. 22-06-2021-ൽ കടവണ്ടി വീട്ടിൽ ശ്രീ. അബ്ദുൾറഷീദിന് വൈദ്യുതി നൽകുന്നതിനുവേണ്ടിയാണ് വലിച്ചിട്ടുള്ളത്. ഈ വസ്തു പരാതിക്കാരൻെറ ഉടമസ്ഥതയിലാണെന്നും അതിൽകൂടി അനുമതിയില്ലാതെ ലൈൻ വലിച്ചു എന്നതാണ് പരാതി.

കോട്ടക്കൽ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ നടത്തിയ അന്വേഷണത്തിലും സ്ഥല പരിശോധനയിലും ഇപ്പറഞ്ഞവസ്തു മുളഞ്ഞിപ്പുലയ്ക്കൽ ഉണ്ണീൻ മകൻ ശ്രീ.യാക്കൂബിൻേറതാണെന്നും അറിയാൻ കഴിഞ്ഞു. കൂടാതെ, ഈ ലൈൻ വലിക്കുന്നതിൽ ശ്രീ.യാക്കൂബിന് ഒരു പരാതിയും ഇല്ലെന്നും അറിയാൻ സാധിച്ചു.

## അവലോകനം

ഈ കേസിൻെറ വാദം 06-12-2022-ൽ കോഴിക്കോട് PWD റെസ്റ്റ് ഹൗസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരനായ ശ്രീ. മുഹമ്മദ്കുട്ടിയും എതിർകക്ഷികൾക്കുവേണ്ടി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ശ്രീമതി. രതിയും, നോഡൽ ഓഫീസർ ശ്രീ. അനിൽകുമാറും പങ്കെടുത്തു.

അനുമതിയില്ലതെ പരാതിക്കാരൻെറ ഉടമസ്ഥതയിലുള്ള വസ്തുവിലൂടെ ലൈൻ വലിച്ചു എന്നതാണല്ലോ പരാതി. ഈ വസ്തുവിൻെറ ഉടമസ്ഥത തെളിയിക്കുന്നതിനു വേണ്ടിയുള്ള രേഖകൾ ഒന്നും ഹാജരാക്കുവാൻ പരാതിക്കാരനു കഴിഞ്ഞിട്ടില്ല. വസ്തു

സർവ്വേ നടത്തി ശരിയായ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി തിരൂർ താലൂക്കാഫിസിൽ ഫീസടച്ചിട്ടുണ്ട് എന്ന് പരാതിക്കാരൻ പറയുകയുണ്ടായി. ഈ വസ്തു ശ്രീ യാക്കൂബിൻേറതാണെന്നും അദ്ദേഹത്തിന് ഈ ലൈൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് പരാതിയൊന്നും ഇല്ലെന്നുമാണ് എതിർകക്ഷിയുടെ അഭിപ്രായം. എന്തായാലും വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകൾ ഹാജരാക്കാതെ ഇതിൽ തീരുമാനം എടുക്കാൻ കഴിയുന്നതല്ല.

## തീരുമാനം

ഈ പരാതി നിലനിൽക്കുന്നതല്ല, അതിനാൽ നിരസിക്കുന്നു.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/074/2022/ തീയതി .

അയക്കുന്നത്:

1. ശ്രീ. മുഹമ്മദ്കുട്ടി, പന്തക്കൽ ഹൗസ്, ഇന്ത്യന്നൂർ പി.ഒ., കോട്ടക്കൽ, മലപ്പുറം
2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, കോട്ടക്കൽ, മലപ്പുറം ജില്ല.

പകർപ്പ് സമാർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-NR, വൈദ്യുതി ഭവനം, കെ.എസ.ഇ.ബി. ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട്.